# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)

# **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ (കേരളം)**
**സ്വരാജ് ഭവൻ (അഞ്ചാം നില), നന്തൻകോട്, കവഡിയാർ.പി.ഒ.,**
**തിരുവനന്തപുരം-695003.**

## ലക്ഷ്യം

ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം ചുരുങ്ങിയത് 100 ദിവസത്തിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉറപ്പാക്കുന്നു

പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ

ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ **ഉല്പാദനക്ഷമമായ ആസ്തികളുടെ** സൃഷ്ടി, ദരിദ്രരുടെ **ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ** ശക്തിപ്പെടുത്തൽ, വിവിധ വിഭാഗങ്ങളുടെ സാമൂഹിക ഉൾക്കൊള്ളൽ, പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നിവയും

| അദ്ധ്യായം | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി : ആമുഖം | 3 |
| 2 | പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ | 14 |
| 3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ കണ്ടെത്തുന്നതിന് അവലംബിക്കേണ്ട രീതിശാസ്ത്രം. | 19 |
| 4 | ഹരിത കേരളം പദ്ധതിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 27 |
| 5 | 2017-18 ലെ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം പദ്ധതിയിൽ കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ള ഭേദഗതികൾ | 32 |

അദ്ധ്യായം 1

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി : ആമുഖം

2005 ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ **ഉല്പാദനക്ഷമമായ ആസ്തികളുടെ** സൃഷ്ടിയുമാണ് ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. 2005 സെപ്റ്റംബർ 5 നാണ് പാർലമെന്റ് തൊഴിലുറപ്പ നിയമം പാസ്സാക്കിയത്. 2006 ഫെബ്രുവരിയിൽ ഇന്ത്യയിൽ 200 ജില്ലകളിൽ പദ്ധതി ആരംഭിച്ചു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ 2006 ൽ പദ്ധതി തുടങ്ങി. 2007 ൽ ഇടുക്കി, കാസർകോട് ജില്ലകളിലും ആരംഭിച്ചു. 2008 ൽ മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചു. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

**മുഖ്യലക്ഷ്യങ്ങൾ**

1. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും, അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും, സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുക.
2. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുക.
3. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾച്ചേർക്കുക.
4. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

**പദ്ധതിയുടെ സവിശേഷതകൾ**

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം

- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുന്തിയ പരിഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.
- ആസൂത്രണത്തിലും നിർവ്വഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- വേതന സാധന അനുപാതം 60:40 ജില്ലാതലത്തിൽ പാലിച്ചാൽ മതിയാകും
- പൊതുജന പങ്കാളിത്തത്തോടെയുള്ള ലേബർ ബഡ്ജറ്റിംഗ്
- ബാങ്ക്/ പോസ്റ്റാഫീസ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന. കുറഞ്ഞത് (1/3 ഭാഗം തൊഴിലാളികൾ സ്ത്രീകൾ ആയിരിക്കണം.)
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്നു - സോഷ്യൽ ഓഡിറ്റ് സംവിധാനം.

**തൊഴിലാളികളുടെ അവകാശങ്ങൾ**

1. പ്രവൃത്തികൾ നിർദ്ദേശിക്കാനുള്ള അവകാശം
2. ആവശ്യപ്പെടുന്ന സമയത്ത് തൊഴിൽ ലഭിക്കാനുള്ള അവകാശം
3. 100 ദിവസത്തിൽ കുറയാതെ തൊഴിൽ ലഭിക്കാനുള്ള അവകാശം
4. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം
5. 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം (ആദ്യത്തെ ഒരു മാസം വേതന നിരക്കിന്റെ ¼ ഉം രണ്ടാം മാസം മുതൽ വേതന നിരക്കിന്റെ ½ ഉം)
6. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം
7. യഥാസമയം വേതനം ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം കിട്ടാനുള്ള അവകാശം (വേതന തുകയുടെ 0.05% നിരക്കിൽ)
8. പണിസ്ഥലത്ത് കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ എന്നിവയ്ക്കുള്ള അവകാശം.
9. പ്രവൃത്തി സ്ഥലത്തുവച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം
10. ആശുപത്രിയിൽ കിടന്നു ചികിത്സ വേണ്ടി വരുമ്പോൾ പകുതി വേതനം (പ്രവൃത്തി തീരുന്ന ദിവസം വരെ മാത്രം)
11. അപകട മരണങ്ങൾക്ക് എക്സ്ഗ്രേഷ്യാ (25000 രൂപ)
12. 5 വയസ്സിൽ താഴെയുള്ള 5 കുട്ടികളെങ്കിലും തൊഴിലാളികളോടൊപ്പം ജോലിസ്ഥലത്ത് വരുകയാണെങ്കിൽ അവരെ ശുശ്രൂഷിക്കാൻ ആയയുടെ സേവനം.

13. തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികൾക്ക് പ്രവൃത്തിസ്ഥലത്ത് വച്ചുണ്ടാകുന്ന അപകടത്തെ തുടർന്ന് മരണം സംഭവിച്ചാൽ 25000/- രൂപ എക്സ്ഗ്രേഷ്യാ
14. പ്രവൃത്തി സ്ഥലവും താമസ സ്ഥലവും തമ്മിൽ 5 കിലോമീറ്ററിൽ അധികമാണെങ്കിൽ 10% തുക കൂടി അധിക വേതനം.
15. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ടാൽ 7 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം.

**തൊഴിൽ കാർഡ്**

പഞ്ചായത്തിൽ സ്ഥിര താമസക്കാരായ ഏതൊരു കുടുംബത്തിനും പേര് രജിസ്റ്റർ ചെയ്യാം. അപേക്ഷാ ഫാറം പഞ്ചായത്താഫീസിൽ നിന്ന് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കും. ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം. 5 വർഷമാണ് കാർഡിന്റെ കാലാവധി.

**തൊഴിലിനുള്ള അപേക്ഷയും തൊഴിൽ അനുവദിക്കലും**

തൊഴിൽ കാർഡ് ലഭ്യമായ കുടുംബത്തിന് ഒരു വർഷം 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്. [വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പരമ്പരാഗത വനവാസികൾക്ക്, സ്വന്തമായി മറ്റു ഭൂമിയില്ലെങ്കിൽ, 150 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്]. തൊഴിൽ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ പഞ്ചായത്താഫീസിൽ നൽകണം. ഒറ്റയ്ക്കും കൂട്ടായും അപേക്ഷിക്കാം. ചുരുങ്ങിയത് 14 ദിവസത്തേക്കും പരമാവധി 100 ദിവസത്തേക്കും. അട്ടപ്പാടി ബ്ലോക്കിൽ ആദിവാസി കുടുംബങ്ങൾക്ക് 200 ദിവസം വരെ തൊഴിലിന് അപേക്ഷ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രസീത് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ അനുവദിച്ചു കൊണ്ട് അറിയിപ്പ് ലഭിക്കും. പഞ്ചായത്തിലെ ഏതു വാർഡിലും തൊഴിൽ അനുവദിക്കാം. അനുവദിക്കുന്ന പ്രവൃത്തി ലേബർ ബഡ്ജറ്റിലും വാർഷിക കർമ്മപദ്ധതിയിലും ഉൾപ്പെട്ടതായിരിക്കും. കൂടുതൽ തൊഴിൽ ആവശ്യമായി വന്നാൽ അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി അനുമതി വാങ്ങി തൊഴിൽ നൽകേണ്ടതാണ്.

നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ആവശ്യകത അനുസരിച്ച് തൊഴിൽ നൽകാൻ കഴിയാതെ വന്നാൽ കമ്പ്യൂട്ടർ സംവിധാനം വഴിയോ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴിയോ ആയത് കണക്കാക്കി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള തൊഴിലില്ലായ്മാ വേതനം നൽകേണ്ടതാണ്. മനുഷ്യ സാധ്യമല്ലാത്ത കാരണങ്ങളാൽ തൊഴിൽ നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ പ്രോഗ്രാം ഓഫീസർ തൊഴിലില്ലായ്മാ വേതനം നിരസിക്കുവാൻ പാടുള്ളു.

**പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും**

**ലേബർ ബഡ്ജറ്റ്**

ലേബർ ബഡ്ജറ്റ് അനുസരിച്ചാണ് കേന്ദ്ര സർക്കാർ പദ്ധതി തുക അനുവദിക്കുന്നത്. പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ, ഓരോ മാസവും ആവശ്യമുള്ള തൊഴിൽ ദിനങ്ങൾ, ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ, വേതന ഘടകവും സാധന ഘടകവും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങുന്ന രേഖയാണ് ലേബർ ബഡ്ജറ്റ്. ഏറ്റവും കുറഞ്ഞത് 60% വേതനഘടകമായും പരമാവധി 40% സാധനഘടകമായും ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്താം. അയൽക്കൂട്ടതല ചർച്ചയിലൂടെയാണ് ലേബർ ബഡ്ജറ്റ് രൂപപ്പെടേണ്ടത്. വാർഡുതലത്തിൽ, വാർഡുതല ഏകോപന സമിതി ക്രോഡീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നു. ഗ്രാമപഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ച ശേഷം ഗ്രാമപഞ്ചായത്ത് സമിതി ഭരണാനുമതി നൽകി ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നു. ബി.പി.ഒ. സൂക്ഷ്മ പരിശോധന നടത്തി, ബ്ലോക്ക് പഞ്ചായത്തിന്റെ ശുപാർശയോടുകൂടി ജില്ലാ പഞ്ചായത്തിന് നൽകുന്നു. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാരിലേക്കയക്കുന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയമാണ് അന്തിമമായ അംഗീകാരം നൽകുന്നത്.

**പ്രവൃത്തികളുടെ നിർവ്വഹണം**

പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവൃത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്. സാങ്കേതികാനുമതി നൽകുമ്പോൾ ചുവടെ പറയുന്ന ഘടകങ്ങൾ നിർബന്ധമായും പരിഗണിച്ചിരിക്കേണ്ടതാണ് :

എ) നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ കഴിയുന്നിടത്തോളം ചെലവ് കുറഞ്ഞതും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനുതകുന്നതുമായ സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടതും, പ്രാദേശികമായി ലഭ്യമാകുന്ന സാധനസാമഗ്രികളുടെ വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്.

ബി) പ്രവൃത്തികളുടെ അളവുകൾ പ്രതിപാദിക്കുന്ന വർക്ക്ബില്ലിൽ (Bill of quantities) ഉപയോഗിക്കുന്ന ഭാഷ പദ്ധതിയിലെ എല്ലാ പങ്കാളികൾക്കും മനസ്സിലാക്കാൻ ഉതകുന്ന രീതിയിൽ ലളിതമായിരിക്കണം.

സി) ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവൃത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സംസ്ഥാനം പുതുതായി തയ്യാറാക്കിയിട്ടുള്ള സെക്യൂർ സോഫ്റ്റ്‌വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ്.

പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കുള്ള മസ്റ്റർറോളുകൾ താഴെപറയും വിധം കൈകാര്യം ചെയ്യേണ്ടതാണ്:

എ) ഓരോ മസ്റ്റർറോളും ഇംഗ്ലീഷിലോ പ്രാദേശിക ഭാഷയിലോ ആയിരിക്കേണ്ടതും പ്രസ്തുത മസ്റ്റർറോളിൽ കമ്പ്യൂട്ടർ സംവിധാനം (ഇ-മസ്റ്റർറോൾ) വഴി ഇലക്ട്രോണിക് ആയി അടയാളപ്പെടുത്തിയ സവിശേഷ തിരിച്ചറിയൽ നമ്പരും (Unique Identity Number) തൊഴിലാവശ്യപ്പെട്ട തൊഴിലാളികളുടെ പേരു വിവരവും ഉൾക്കൊള്ളിച്ചിരിക്കേണ്ടതുമാണ്. എല്ലാ മസ്റ്റർറോളുകളിലും ഗ്രാമപഞ്ചായത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഒപ്പിട്ടിരിക്കേണ്ടതാണ്. പ്രസ്തുത മസ്റ്റർറോളുകളിൽ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

ബി) മസ്റ്റർറോളുകൾ പ്രവൃത്തിസ്ഥലത്ത് ഉണ്ടായിരിക്കേണ്ടതും പദ്ധതി പ്രകാരം ചുമതലപ്പെടുത്തിയ മേറ്റ് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തേണ്ടതും ഹാജർ വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി കമ്പ്യൂട്ടർ സംവിധാനത്തിൽ നിത്യേന ലഭ്യമാക്കേണ്ടതുമാണ്.

സി) പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ ഉദ്യോഗസ്ഥർ മസ്റ്റർറോളുകൾ സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതാണ്.

ഡി)കാലാവധി അവസാനിക്കുന്ന ദിവസം മസ്റ്റർറോൾ ക്ലോസ് ചെയ്യേണ്ടതും അന്നേ ദിവസം പ്രവൃത്തിയെടുത്തിട്ടുള്ള ഓരോ തൊഴിലാളിയും മേലൊപ്പ് (Counter Signature) രേഖപ്പെടുത്തി സാങ്കേതിക ഉദ്യോഗസ്ഥനെ അളവുകൾ രേഖപ്പെടുത്തുന്നതിനായി ഏൽപ്പിക്കേണ്ടതുമാണ്.

ഇ) മസ്റ്റർറോളുകളെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എഫ്) പ്രവൃത്തി പുരോഗമിക്കുന്ന വേളയിൽ തന്നെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ കൂട്ടത്തിൽ നിന്നും 5 ൽ കുറയാത്ത തൊഴിലാളികളെ ഓരോ ആഴ്ചയിലും ആവർത്തന ക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

ജി) ഏതൊരു വ്യക്തിക്കും പരിശോധനയ്ക്കായി, പ്രവൃത്തി സ്ഥലത്ത്, പ്രവൃത്തി സമയത്ത് മസ്റ്റർറോളുകൾ ലഭ്യമാകുന്നതാണ്.

സംസ്ഥാന സർക്കാർ തൊഴിലാളികൾക്ക് നൽകുന്ന വേതനം, സ്ത്രീ-പുരുഷ വ്യത്യാസം കൂടാതെ, ചെയ്ത പ്രവൃത്തിയുടെ അളവുമായി ബന്ധപ്പെടുത്തേണ്ടതും, ടൈം & മോഷൻ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ഗ്രാമീണ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് വേതനം നൽകേണ്ടതുമാണ്. പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരെ ഏർപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രക്രിയകൾക്ക് അനുസൃതമായി പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതും, ആയത്, നിയമാനുസൃതമായി സ്വമേധയാ നടത്തേണ്ട വെളിപ്പെടുത്തലുകളും സാമൂഹ്യ ഓഡിറ്റിംഗും പാലിച്ചുകൊണ്ടായിരിക്കേണ്ടതുമാണ്. നിർവ്വഹണ ഏജൻസികൾ, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പരമാവധി തൊഴിലാളികളുടെ കായികാധ്വാനം പ്രയോജനപ്പെടുത്തി നിർവ്വഹിക്കേണ്ടതും കായിക അദ്ധ്വാനം ഒഴിവാക്കുന്ന യന്ത്രസാമഗ്രികൾ (Labour Displacing Machinery) ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്.

## സോഷ്യൽ ഓഡിറ്റ്

ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളുടെയും തൊഴിലാളികൾക്ക് ലഭ്യമാകേണ്ട മിനിമം അവകാശങ്ങളുടെയും നിയമത്തിൻ കീഴിൽ വരുന്ന എല്ലാ ചെലവുകളുടെയും നിർവ്വഹണം കേന്ദ്രസർക്കാർ അനുശാസിക്കുന്ന രീതിയിൽ ഏറ്റവും കുറഞ്ഞത് ആറ് മാസത്തിലൊരിക്കലെങ്കിലും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കേണ്ടതാണ്.

**പ്രവൃത്തി സ്ഥലപരിപാലനം**

പ്രവൃത്തി സ്ഥലത്തെ സുതാര്യതയ്ക്കായി ചുവടെപ്പറയുന്ന സംഗതികൾ ഉറപ്പ് വരുത്തേണ്ടതാണ്.

i) പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് മുന്നോടിയായി ഒരു പ്രാരംഭയോഗം (പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ്) ചേരേണ്ടതും അതിൽ വച്ച് പ്രവൃത്തിയുടെ വിവിധ വ്യവസ്ഥകൾ തൊഴിലാളികൾക്ക് വിശദമാക്കി കൊടുക്കേണ്ടതുമാണ്.

ii) പ്രവൃത്തിസ്ഥലത്ത് പൊതുജനങ്ങൾക്ക് പരിശോധിക്കാൻ, പ്രവൃത്തിയുടെ അനുമതി ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

iii) ഓരോ പ്രവൃത്തിയുടെയും അളവുകൾ സംബന്ധിച്ച രേഖകളും, തൊഴിലാളികളുടെ വിശദാംശങ്ങളും, പൊതുജനപരിശോധനയ്ക്കായി ലഭ്യമായിരിക്കേണ്ടതാണ്.

iv) കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ എല്ലാ പ്രവൃത്തിസ്ഥലത്തും Citizen's Information Board കൾ സ്ഥാപിക്കേണ്ടതും, അതിലെ രേഖപ്പെടുത്തലുകൾ പ്രവൃത്തി പുരോഗമിക്കുന്നതിനനുസൃതമായി പുതുക്കേണ്ടതുമാണ്.

v) കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ മേൽനോട്ട സമിതികൾ (Vigilance & Monitoring Committee) എല്ലാ പ്രവൃത്തികളും പരിശോധിക്കേണ്ടതും അതിന്റെ മൂല്യ അവലോകന റിപ്പോർട്ട്, കേന്ദ്രസർക്കാർ നിർണ്ണയിച്ചിട്ടുള്ള മാതൃകയിൽ തയ്യാറാക്കി പ്രവൃത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് സാമൂഹ്യ ഓഡിറ്റ് സമയത്ത് ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ്.

സുരക്ഷിതമായ കുടിവെള്ളം, കുട്ടികൾക്കും തൊഴിലാളികൾക്കും വിശ്രമസമയത്ത് വേണ്ട തണൽ, തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ സംഭവിക്കുന്ന ആരോഗ്യ വിപത്തുകൾക്കും ചെറിയ പരിക്കുകൾക്കും അടിയന്തിര ചികിത്സയ്ക്ക് പര്യാപ്തമായ മരുന്നുകളും അനുബന്ധ സാമഗ്രികളും അടങ്ങുന്ന പ്രാഥമിക ശുശ്രൂഷാപ്പെട്ടി (First Aid Box), എന്നീ സൗകര്യങ്ങൾ പ്രവൃത്തിസ്ഥലത്ത് സജ്ജീകരിക്കേണ്ടതാണ്.

തൊഴിലാളികൾക്കൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം അഞ്ചോ അതിൽ കൂടുതലോ ആയിരിക്കുന്ന സംഗതിയിൽ, സ്ത്രീതൊഴിലാളികളിലൊരാളെ അത്തരം കുട്ടികളെ പരിചരിക്കുന്നതിന് നിയോഗിക്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്. നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള നിരക്കിൽ വേതനം നൽകേണ്ടതാണ്.

ആ പ്രദേശത്തെ ഏറ്റവും പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകൾ, ചൂഷണത്തിന് ഇരയാകാവുന്ന സാഹചര്യത്തിലുള്ള സ്ത്രീകൾ, ബന്ധിത തൊഴിൽ സമ്പ്രദായത്തിൽ (bonded labour system) നിന്നും വിമോചിക്കപ്പെട്ട സ്ത്രീതൊഴിലാളികൾ വിമോചിതരാക്കപ്പെട്ട തോട്ടിപ്പണിക്കാർ എന്നിവരെ ശിശുപരിചരണ സേവനത്തിനായി നിയോഗിക്കേണ്ടതാണ്.

**തൊഴിലാളികൾക്കുള്ള ക്ഷേമം**

1. ഈ പദ്ധതി പ്രകാരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നയാൾക്ക് പ്രവൃത്തി ചെയ്യുന്ന വേളയിലോ, പ്രവൃത്തി മൂലമോ, ഉണ്ടാകുന്ന അപകടങ്ങളാൽ പരിക്കുപറ്റുകയാണെങ്കിൽ (personal injury), അയാൾക്ക് ആവശ്യമായി വരുന്ന വൈദ്യചികിത്സ സൗജന്യമായി ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.
2. പരിക്കുപറ്റിയ തൊഴിലാളിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരുമ്പോൾ, താമസം, ചികിത്സ, മരുന്നുകൾ, വേതനനിരക്കിന്റെ പകുതിയിൽ കുറയാത്ത ദിനബത്ത എന്നിവയുൾപ്പെടെയുള്ള ആശുപത്രി സൗകര്യങ്ങൾ, സംസ്ഥാന സർക്കാർ ഏർപ്പാട് ചെയ്യേണ്ടതാണ്.
3. ഈ പദ്ധതി പ്രകാരം തൊഴിലിൽ ഏർപ്പെടുന്നയാൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, പ്രവൃത്തി മൂലമോ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ അയാൾക്കോ, നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കോ, അതാത് സന്ദർഭമനുസരിച്ച്, കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതോ, ആം ആദ്മി ബീമാ യോജനയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ അനുസരിച്ചുള്ളതോ ആയ എക്സ്-ഗ്രേഷ്യ സഹായധനം നിർവ്വഹണ ഏജൻസി നൽകേണ്ടതാണ്.
4. ഈ പദ്ധതിയിൽ തൊഴിൽ ചെയ്യുന്ന ഒരു വ്യക്തിയോടൊപ്പം വരുന്ന കുട്ടിക്ക് അപകടം മൂലം പരിക്ക് സംഭവിക്കുകയാണെങ്കിൽ, ആ കുട്ടിക്ക് സൗജന്യ വൈദ്യ ചികിത്സയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതും, പ്രസ്തുത അപകടംമൂലം

കുട്ടിക്ക് മരണമോ വൈകല്യമോ സംഭവിക്കുകയാണെങ്കിൽ, കുട്ടിയുടെ നിയമപരമായ രക്ഷിതാക്കൾക്ക് സംസ്ഥാന സർക്കാർ നിർണ്ണയിക്കുന്ന എക്സ്-ഗ്രേഷ്യ സഹായധനം നൽകേണ്ടതുമാണ്.

**കൂലി വിതരണവും ആയതിന് കാലതാമസം നേരിട്ടാൽ ഉണ്ടാകുന്ന നടപടികൾ**

മസ്റ്റർറോൾ പൂർത്തീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം നൽകിയില്ലെങ്കിൽ, വേതനം നൽകുന്നതിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരത്തിന് തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. മസ്റ്റർറോൾ പൂർത്തീകരിച്ച് 16-ാം ദിവസത്തിനുമേൽ കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും, നൽകാനുള്ള വേതനത്തിന്റെ 0.05 % നിരക്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കും

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലകൾ**

1. ഗ്രാമസഭാ നിർദ്ദേശ പ്രകാരം ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കൽ
2. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ച് പട്ടിക തയ്യാറാക്കി അതിന്റെ എസ്റ്റിമേറ്റ്, ഡ്രോയിംഗ്സ്, സ്കെച്ച്, പ്രാരംഭ ഫോട്ടോ എന്നിവ തയ്യാറാക്കൽ
3. തൊഴിൽ അവസരങ്ങളും തൊഴിൽ ആവശ്യകതയും തമ്മിൽ പൊരുത്തപ്പെടുത്തുക
4. രജിസ്ട്രേഷനുള്ള അപേക്ഷകൾ സ്വീകരിക്കുക
5. അപേക്ഷകൾ പരിശോധന നടത്തുക
6. തൊഴിൽ കാർഡുകളുടെ വിതരണം
7. തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കുക
8. അപേക്ഷയ്ക്ക് രസീത് നൽകുക
9. ജോലി അനുവദിച്ച തീയതിയും സ്ഥലവും അപേക്ഷകരെ അറിയിക്കുക
10. പ്രവൃത്തികളുടെ നിർവ്വഹണം
11. പൂർത്തീകരിച്ച എല്ലാ പ്രവൃത്തികളും ജിയോടാഗ് ചെയ്ത് ജിയോഎം.ജി.എൻ.ആർ.ഇ.ജി.എയിൽ ഉൾച്ചേർക്കൽ
12. കൂലി വിതരണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കൽ

13. പഞ്ചായത്ത്തലത്തിൽ പദ്ധതിയുടെ മേൽനോട്ടവും മോണിറ്ററിംഗും
14. ഓരോ പ്രവൃത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ
15. തൊഴിൽ കാർഡുകളിലെ വിവരങ്ങൾ ക്ലിപ്തതയോടെ ഉൾച്ചേർക്കൽ
16. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഏഴ് രജിസ്റ്ററുകളുടെ പരിപാലനം ഉറപ്പാക്കൽ

**ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ചുമതലകൾ**

1. തൊഴിലിനുള്ള ആവശ്യകതയും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ മൂലമുണ്ടാകുന്ന തൊഴിലവസരങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുവാൻ പ്രോഗ്രാം ഓഫീസർ ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.
2. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളും മധ്യതല പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളും സംയോജിപ്പിച്ച് തന്റെ അധികാര പരിധിയിലുള്ള ബ്ലോക്കിനുവേണ്ടിയുള്ള ഒരു പദ്ധതി പ്രോഗ്രാം ഓഫീസർ തയ്യാറാക്കേണ്ടതാണ്.
3. ബ്ലോക്കിനുള്ളിലെ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ ദിശാഗതി നിയന്ത്രണം
4. അർഹതപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ രഹിതബത്ത അനുവദിക്കലും അത് നൽകിയെന്ന് ഉറപ്പുവരുത്തലും
5. ബ്ലോക്കിനുള്ളിൽ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൃത്യവും ന്യായവുമായി വേതനം നൽകി എന്നുറപ്പുവരുത്തുക.
6. ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിലുള്ള എല്ലാ പ്രവൃത്തികളുടെയും ക്രമമായ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ വച്ച് നടക്കുന്നുവെന്നും സോഷ്യൽ ഓഡിറ്റിൽ ഉയർന്നു വരുന്ന ആക്ഷേപങ്ങളിന്മേൽ കൃത്യമായി നടപടി സ്വീകരിച്ചു എന്നും ഉറപ്പുവരുത്തുക.
7. ബ്ലോക്കിനുള്ളിൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉയർന്നുവരാവുന്ന എല്ലാ പരാതികളിന്മേലും കാലതാമസം കൂടാതെ ഇടപെടുക.
8. സംസ്ഥാന സർക്കാരോ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററോ ചുമതലപ്പെടുത്തുന്ന മറ്റേതൊരു ജോലിയും.
9. പ്രോഗ്രാം ഓഫീസർമാർ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ നിർദ്ദേശാനുസരണവും നിയന്ത്രണത്തിൻ കീഴിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതാണ്.

10. സംസ്ഥാന സർക്കാരിന് ഒരു ഉത്തരവു മുഖേന പ്രോഗ്രാം ഓഫീസറുടെ ഏതെങ്കിലുമോ എല്ലാ ചുമതലകളുമോ നിർവഹിക്കുവാൻ ഒരു ഗ്രാമപഞ്ചായത്തിനെയോ പ്രാദേശിക അധികാര സ്ഥാപനത്തെയോ ചുമതലപ്പെടുത്താവുന്നതാണ്.

**ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ ചുമതലകൾ**

1. ഈ നിയമത്തിനും അതുപ്രകാരം രൂപപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി ജില്ലയിലെ പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ട ഉത്തരവാദിത്തം.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമപ്രകാരവും അതിനാൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരവുമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്തിനെ സഹായിക്കുക.
3. ബ്ലോക്കുകൾ തയ്യാറാക്കിയിട്ടുള്ളതും മറ്റ് നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടുള്ളതുമായ പദ്ധതികൾ ജില്ലാതലത്തിൽ ക്രോഢീകരിച്ച് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു സമാഹൃത പദ്ധതിയാക്കുക
4. ആവശ്യമായ സന്ദർഭങ്ങളിൽ ഭരണപരമായ അംഗീകാരവും അനുമതിയും ലഭ്യമാക്കുക.
5. തന്റെ അധികാരപരിധിയിലുള്ള പ്രോഗ്രാം ഓഫീസർമാരുടെയും നിർവ്വഹണ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അപേക്ഷകർക്ക് ഈ നിയമ പ്രകാരം അവകാശപ്പെട്ട തൊഴിൽ നൽകുന്നുവെന്ന് ഉറപ്പുവരുത്തുക.
6. പ്രോഗ്രാം ഓഫീസർമാരുടെ പ്രവർത്തന അവലോകനവും ദിശാഗതി നിയന്ത്രണവും നടത്തുകയും മേൽനോട്ടം നിർവ്വഹിക്കുകയും ചെയ്യുക.
7. നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പരിശോധന നടത്തുക
8. അപേക്ഷകരുടെ പരാതികൾക്ക് പരിഹാരം കാണുക

അദ്ധ്യായം 2

## പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

(നിയമത്തിന്റെ ഭേദഗതി ചെയ്ത പട്ടിക 1ൽ പരാമർശിക്കുന്ന പ്രകാരം)

---

I. <u>വിഭാഗം എ</u> : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ **ജലസംരക്ഷണത്തിനും** ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

**ii.** ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ **നീർത്തട പരിപാലന പ്രവൃത്തികൾ ;**

iii. സൂക്ഷ്മ-ചെറുകിട **ജലസേചന** പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും **;**

**iv.** ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള **പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;**

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള **മരം വച്ച് പിടിപ്പിക്കലും വനവത്കരണവും,** ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്**;**

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

II. <u>വിഭാഗം ബി</u>: **<u>സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള</u> വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)**

i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് **ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി** ഭൂവികസനവും, കിണറുകൾ

(Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ **ആജീവനം മെച്ചപ്പെടുത്തൽ;**

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ **തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച്** കൃഷിക്ക് അനുയോജ്യമാക്കൽ;

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന **ഭവന നിർമ്മാണത്തിലെ** അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും ഉത്പാദപ്പിക്കപ്പെട്ട നിർമ്മാണ സാമഗ്രികളുടെ ഉപയോഗവും.

v) **മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള** അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi) **മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്** ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

III. <u>വിഭാഗം സി</u> : **ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ**

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ

അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി **കാർഷികോല്പാദനക്ഷമത** വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

**ii.** സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

IV. <u>വിഭാഗം ഡി</u> : **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ തുടങ്ങിയ **ഗ്രാമീണ ശുചിത്വവുമായി** ബന്ധപ്പെട്ട പ്രവൃത്തികൾ**;**

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന **ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,** ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള **ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;**

**iii.** **കളിസ്ഥലങ്ങളുടെ** നിർമ്മാണവും;

**iv.** വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള **പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ** മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ

എന്നിവയ്ക്കാവശ്യമുള്ള **കെട്ടിടങ്ങളുടെ** നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും**;**

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന **ഭക്ഷ്യധാന്യ സംഭരണികളുടെ** നിർമ്മാണവും**;**

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന **നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;**

**viii.** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ **അറ്റകുറ്റപണികളും;**

**ix.** ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന **മറ്റ് ഏതൊരു പ്രവൃത്തിയും.**

**പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ). പട്ടികജാതി
(ബി). പട്ടികവർഗ്ഗം
(സി). നാടോടികളായ ആദിവാസികൾ
(ഡി). ഡീനോട്ടിഫൈഡ് ആദിവാസികൾ
(ഇ). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
(എച്ച്). ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

(ഐ). ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ

(ജെ). 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളു. മേൽപ്പറഞ്ഞ എല്ലാ വിഭാഗം കുടുംബങ്ങളും തൊഴിൽ കാർഡ് എടുക്കേണ്ടതും പ്രസ്തുത കുടുംബത്തിലെ കുറഞ്ഞത് ഒരു അംഗമെങ്കിലും സ്വന്തം ഭൂമിയിൽ/വീട്ടുവളപ്പിൽ പ്രവൃത്തിയിലേർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്.

## അദ്ധ്യായം 3

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ കണ്ടെത്തുന്നതിന് അവലംബിക്കേണ്ട രീതിശാസ്ത്രം.

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണം, മഴവെള്ളകൊയ്ത്ത്, ഭൂഗർഭ ജലപോഷണം, ഭൂവികസനം, വനവത്ക്കരണം തുടങ്ങിയ പൊതുലക്ഷ്യങ്ങളോടെ നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ആകെ അനുവദനീയമായ പ്രവൃത്തികളെ വിശദമായി പരിശോധിച്ചാൽ ഏതാണ്ട് 153 ഇനം പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ, 100 ഇനം പ്രവൃത്തികൾ പ്രകൃതി വിഭവ പരിപാലനവുമായി മാത്രം ബന്ധപ്പെട്ടവയാണ്. അതിൽത്തന്നെ 71 ഇനം പ്രവൃത്തികൾ ജലസംരക്ഷണവുമായി ബന്ധപ്പെട്ടവയുമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ ഇക്കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനം വിലയിരുത്തുന്നപക്ഷം പദ്ധതിയിൽ ആഗ്രഹിച്ച നിലയിൽ സമഗ്ര വികസന കാഴ്ചപ്പാടിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്താൻ കഴിയും. സമഗ്ര നീർത്തട കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലല്ലാതെ ഒറ്റയൊറ്റ പ്രവൃത്തികൾ പലയിടങ്ങളിലായി ചെയ്യുന്നതിനാൽ ലഭ്യമാകേണ്ട പ്രയോജനം ഫലപ്രദമായി ലഭിക്കുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്.

നേരിട്ട് കാണാവുന്നതും അളന്നു തിട്ടപ്പെടുത്താവുന്നതും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ള പ്രധാന ലക്ഷ്യം. ഏതൊക്കെ ആസ്തികളാണ് പദ്ധതിയിൽ സൃഷ്ടിക്കാവുന്നത് എന്നതിനെ സംബന്ധിച്ച് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റെടുക്കാവുന്ന 153 ൽപരം പ്രവൃത്തികൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഓരോ പഞ്ചായത്തിനും അവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏതെല്ലാമാണെന്ന് നിർണ്ണയിക്കുന്നതാണ് ഇന്ന് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നം.

അതത് പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ മുൻനിർത്തി പഞ്ചായത്തിലെ കാർഷിക വികസനം, പ്രകൃതി വിഭവ

പരിപാലനം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൈവരിക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതെന്നാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇതിലേക്ക് താഴെപറയുന്ന വിവരങ്ങൾ നിർബന്ധമായും ശേഖരിയ്ക്കേണ്ടതാണ്.

1. പ്രാദേശിക ഭൗമ പ്രത്യേകതകൾ
2. നീരൊഴുക്ക് വിവരങ്ങൾ
3. മഴയുടെ വിവരങ്ങൾ
4. ഉർവ്വരത
5. ഊഷ്മാവ്
6. ഭൂഗർഭ ജലനിരപ്പ്
7. നിലവിലുള്ള ജലസേചന സംവിധാനങ്ങൾ
8. ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ
9. ജനസംഖ്യ
10. പൊതുജന ആരോഗ്യ അവസ്ഥ
11. വിദ്യാഭ്യാസ നിലവാരം
12. കൃഷിയും ഭൂവിനിയോഗവും
13. മൃഗസംരക്ഷണം
14. മണ്ണൊലിപ്പ്
15. ഭൂക്ഷമത

മുകളിൽ സൂചിപ്പിച്ച ബൃഹത്തായ വിവര ശേഖരണത്തിന്റെ പശ്ചാത്തലത്തിൽ അടുത്ത പടിയായി പഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രവൃത്തികൾ എന്തൊക്കെയാണെന്നുള്ള തിട്ടപ്പെടുത്തൽ. ഇതിന് അയൽക്കൂട്ടതല ചർച്ചകൾ, SC/ST വിഭാഗത്തിലുള്ളവരുടെ മുൻഗണനകൾ ഉൾപ്പെടുത്താനായി പ്രത്യേക ശ്രമം, ജനങ്ങളുടെ ആവശ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്താനായി ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ചകൾ, ട്രാൻസെക്ട് വാക്ക്, വിഭവഭൂപട നിർമ്മാണം, പങ്കാളിത്ത മുൻഗണനാക്രമം നിശ്ചയിക്കൽ തുടങ്ങിയവ സ്വീകരിക്കാവുന്നതാണ്.

കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തുകൾ തീരപ്രദേശം, ഇടനാട്, മലയോരം എന്നീ പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഓരോ പഞ്ചായത്തിനും

അതിന്റേതായ സവിശേഷതകൾ ഉണ്ടെങ്കിലും സംസ്ഥാനത്തെ ഒരു ശരാശരി ഗ്രാമപഞ്ചാത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

1. ജലദൗർലഭ്യം, വരൾച്ച
2. ഉപേക്ഷിക്കപ്പെട്ട പരമ്പരാഗത ജലസ്രോതസ്സുകൾ
3. ചെളി മൂടി ജലനിർഗ്ഗമന ശേഷി നഷ്ടപ്പെട്ട കനാലുകൾ
4. മണ്ണൊലിപ്പ്
5. കൃഷിഭൂമി തരിശ്ശിട്ടിരിക്കുന്നു
6. ആവശ്യാനുസരണം തീറ്റപ്പുല്ല് ലഭിക്കായ്ക
7. ശാസ്ത്രീയമായി നിർമ്മിച്ച തൊഴുത്തുകളുടെ അഭാവം
8. ജൈവമാലിന്യ സംസ്കരണത്തിന്റെ അഭാവം
9. മോശമായ റോഡ് ശൃംഖല
10. കാർഷികോത്പന്ന സംഭരണ സംവിധാനത്തിന്റെ അഭാവം
11. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന, വേണ്ടത്ര സൗകര്യമില്ലാത്ത അങ്കണ വാടികൾ

മുകളിൽ പരാമർശിച്ചിട്ടുളള പ്രശ്നങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിർദ്ദേശിക്കാവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

**ജലസംരക്ഷണം**

1. കിണർ റീചാർജ്ജിംഗ്
2. ഗള്ളിപ്ലഗ്ഗിങ്ങ്, തടയണ, ബ്രഷ് വുഡ് തടയണ, കമ്പിവലയ്ക്കുള്ളിൽ കല്ലടുക്കിയുള്ള (Gabion) തടയണ, കല്ലടുക്ക് തടയണ, മഴക്കുഴി, അടിയണ, ജലാഗിരണ ട്രഞ്ച്, കോണ്ടൂർട്രഞ്ച്, കോണ്ടൂർ മൺബണ്ട്, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കല്ല്കയ്യാല (stone pitched bund), HDPE (High Density Poly Ethilene) ഗാബിയോൺ തടയണ, കുളങ്ങളുടെ പുനരുദ്ധാരണം (ചെളിനീക്കം ചെയ്യൽ) വശഭിത്തി സംരക്ഷണം പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം.

**കുടിവെള്ളം**

റീചാർജ് കുഴികൾ, കിണർ നിർമ്മാണം

**വരൾച്ച പ്രതിരോധം**

1. വനപ്രദേശത്തിലെ പരിസ്ഥിതി പുനരുദ്ധാരണം
2. വനവത്ക്കരണം
3. വനഭൂമി സംരക്ഷണം

4. സിൽവി പാസ്ചർ
5. കാർഷിക നഴ്സറി സ്ഥാപിക്കൽ
6. സർക്കാർ ഭൂമിയിൽ വനവത്ക്കരണം
7. റോഡ്, കനാൽ വശങ്ങളിൽ വനവത്ക്കരണം
8. ഭൂവികസനം

**സൂക്ഷ്മ ജലസേചനം**

1. കനാൽ, ജലവിതരണ ചാലുകളുടെ നിർമ്മാണം
2. ലിഫ്റ്റ് ഇറിഗേഷൻ
3. കനാൽ വശഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ
4. ജലസേചനത്തിനായി പൊതു കിണർ നിർമ്മാണം

**ഭൂവികസന പ്രവർത്തനങ്ങൾ**

1. കല്ല്കയ്യാല, മൺവരമ്പ്, കല്ല്ബണ്ട്, ടെറസ്സിങ് (നിരപ്പാക്കൽ) തരിശ്ശുഭൂമി വികസനം

**സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ**

1. കൃഷി ആവശ്യത്തിന് കുളം കുഴിക്കൽ
2. കിണർ പരിപോഷണം
3. കല്ല് അണ
4. കോണ്ടൂർ ബണ്ട് നിർമ്മാണം
5. ഗള്ളി പ്ലഗ്ഗിങ്
6. ജലപരിപോഷണ കുഴികൾ
7. കക്കൂസ് കുഴി നിർമ്മാണം
8. നീരൊഴുക്ക്, ചാൽ നിർമ്മാണം
9. പുരയിടത്തിൽ ബണ്ട് നിർമ്മാണം
10. കിണർ കുഴികൾ
11. കല്ല് കയ്യാല
12. തരിശായ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ഇടപെടലുകൾ
13. കോണ്ടൂർ ബണ്ടുകളുടെ നിർമ്മാണം
14. ഗ്രേഡഡ് ബണ്ടുകളുടെ നിർമ്മാണം
15. ജലനിർഗ്ഗമന ചാലുകൾ
16. ഭൂമി നിരപ്പാക്കൽ
17. ചാലുകളുടെ ചോർച്ച അടക്കുന്നതിന് ലൈനിംഗ്

18. ക്രോസ്സ് ബണ്ട്
19. വെള്ളപ്പൊക്ക നിവാരണ ചാലുകളുടെ ആഴം കൂട്ടൽ
20. ഡൈവേർഷൻ ചാനൽ
21. വെള്ളക്കെട്ട് പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ
22. പെറിഫെറൽ ബണ്ടിംഗ്
23. പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം നിലനിൽക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
24. കടലോരങ്ങളിൽ കടൽക്ഷോഭത്തിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള മരം വച്ച് പിടിപ്പിക്കൽ
25. നഴ്സറികൾ
26. പുരയിടങ്ങളിലെ അതിർത്തിയിൽ പതിനഞ്ച് മുതൽ ഇരുപത്തിഅഞ്ച് കൊല്ലം വരെ നിലനിൽക്കാവുന്ന വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിക്കൽ
27. പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ തോട്ടം
28. പട്ടുനൂൽകൃഷി
29. തരിശുഭൂമി കൃഷിയോഗ്യമാക്കൽ
30. ഭൂമിയിലെ ക്ഷാരം/ലവണ അംശങ്ങൾ നീക്കം ചെയ്ത് ഭൂമി കൃഷിയോഗ്യമാക്കൽ
31. കംപോസ്റ്റ് കുഴികൾ
32. നടേപ്പ് കമ്പോസ്റ്റ്
33. ബർക്ലി കമ്പോസ്റ്റ്
34. മണ്ണിര കമ്പോസ്റ്റിംഗ്
35. ഭവന നിർമ്മാണം (മറ്റ് പദ്ധതികൾ)
36. ഭവന നിർമ്മാണം (എല്ലാ സംസ്ഥാന/കേന്ദ്രഗവൺമെന്റുകളുടെ ഭവന നിർമ്മാണം)
36. അസ്സോള കൃഷി
37. തൊഴുത്ത്
38. ആട്ടിൻകൂട്
39. പന്നിക്കൂട്
40. കോഴിക്കൂട്

**ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ)**

1. കല്ല് നിരത്തി തറ ഉറപ്പാക്കൽ
2. തരിശ് ഭൂമി വികസിപ്പിക്കൽ
3. കരഭൂമി വികസിപ്പിക്കൽ (Land Reclamation)

**കെട്ടിട നിർമ്മാണം**

1. അയൽക്കൂട്ടങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്കുള്ള Workshed
2. അങ്കണവാടി കെട്ടിട നിർമ്മാണം
3. ADS/CDS എന്നിവയ്ക്കുള്ള കെട്ടിടം
4. കാർഷികോത്പ്പന്ന സംഭരണം കേന്ദ്രം
5. സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം
6. ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം
7. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഷെൽട്ടറുകൾ
8. ഗ്രാമീണ ചന്തകൾ
9. ശ്മശാന നിർമ്മാണം
10. നിലവിലെ പഞ്ചായത്ത് കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ
11. ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണം

**ഗ്രാമീണ ശൗചാലയം**

1. കമ്പോസ്റ്റ് കുഴി
2. അങ്കണവാടി ടോയ്‌ലറ്റ് നിർമ്മാണം
3. സ്കൂളുകളിലെ ടോയ്‌ലറ്റ് നിർമ്മാണം
4. സോക്കേജ് ചാനൽ/പിറ്റ് നിർമ്മാണം
5. ഓടകളുടെ നിർമ്മാണം
6. വ്യക്തിഗത കക്കൂസ് നിർമ്മാണം

**റോഡ്**

1. ബിറ്റുമെൻ ടോപ്പ്
2. സിമന്റ് കോൺക്രീറ്റ്
3. ക്രോസ് ഡ്രെയിനേജ്
4. മണ്ണ് റോഡ്
5. ഇന്റർലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ്
6. കല്ല്/പാറ പാകിയ റോഡ്

7. മെറ്റൽ റോഡ്
8. മെറ്റൽ റോഡ് (സെക്കന്റ് കോട്ട്)
9. പ്രകൃതി ദുരന്തത്തിന്റെ ഭാഗമായി നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണം
10. ടാർ ചെയ്യാൻ സാധിക്കാത്ത റോഡുകളിൽ ഡബ്ലിയു.ബി.എം (വാട്ടർ ബൗണ്ട് മെക്കാഡം).

**വെള്ളപ്പൊക്ക നിയന്ത്രണം**

1. വരിവെള്ളം ഒഴുകുന്നതിനുള്ള ചാലുകളുടെ നിർമ്മാണം
2. നീരൊഴുക്ക് ചാലുകളുടെ ആഴം വർദ്ധിപ്പിക്കലും പരിപാലനവും
3. വെള്ളക്കെട്ട് പ്രദേശങ്ങളിലെ നീരൊഴുക്ക് സംവിധാനം
4. നീരൊഴുക്ക് ചാലുകളുടെ വശഭിത്തി ബലപ്പെടുത്തൽ
5. പൊതു ആസ്തികളുടെ സംരക്ഷണം

**മത്സ്യമേഖല**

1. മീൻ ഉണക്കുന്ന തറകളുടെ നിർമ്മാണം
2. കുളങ്ങളുടെ നിർമ്മാണം

**തീരദേശ സംരക്ഷണം**

1. മത്സ്യം ഉണക്കുന്ന ഷെഡ്ഡുകൾ/തറകൾ

**മറ്റു പ്രവൃത്തികൾ**

1. ഗ്രാമീണ പൊതു ആസ്തികളുടെ പരിപാലനം
2. കളിസ്ഥലങ്ങളുടെ നിർമ്മാണം
3. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉത്പാദനം
4. നടേപ്പ്, വെർമി, ബെർക്ക്‌ലി കമ്പോസ്റ്റുകൾക്കുള്ള അടിസ്ഥാന സൗകര്യം
5. സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ

ഹരിതകേരളം പദ്ധതി, സമ്പൂർണ്ണഭവന പദ്ധതി (ലൈഫ്), ആരോഗ്യമേഖലയിൽ ആർദ്രം പദ്ധതി, വിദ്യാഭ്യാസ മേഖലയിൽ ക്രീയാത്മകമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പരിപാടികൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതി ശുചിത്വമേഖല, നീർത്തടാധിഷ്ഠിത വികസനം, ജൈവകൃഷി എന്നീ വിശാലമായ മൂന്ന് മേഖലകളിലാണ് ഇടപെടലുകൾ നടത്തി നേട്ടം കൈവരിയ്ക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

1. **നീർത്തടാധിഷ്ഠിത വികസനപരിപാടിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പൊതുസ്ഥലങ്ങളിലെ പ്രകൃതിവിഭവ പരിപാലനം, സ്വകാര്യഭൂമിയിലെ ഇടപെടൽ, സ്വയംസഹായ സംഘങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ചട്ടക്കൂടുകളുടെ നിർമ്മാണം, ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികൾ. പ്രസ്തുത നാല് വിഭാഗം മേഖലകളിൽ ഇടപെടലുകൾ ഏറ്റെടുക്കുന്നതിന്പദ്ധതിയിൽ 152 ഓളം പ്രവൃത്തികൾ ലഭ്യമാണ്. ഇതിൽ 100 ൽ കൂടുതൽ പ്രവൃത്തികളും പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ടവയാണ്.

കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ, ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം, സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കൽ,

വനവത്കരണം, സ്വാകര്യഭൂമി കൈവശമുളള നിയമത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അനുമതിയുള്ള കുടുംബങ്ങൾക്ക് **ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി** ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ**,** പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ **ആജീവനം മെച്ചപ്പെടുത്തൽ, തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച്** കൃഷിക്ക് അനുയോജ്യമാക്കൽ, **മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള** അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം**, മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്** ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവയാണ് പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ.

മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികളും ഹരിതകേരളം പദ്ധതിയിലെ നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങളിൽ സംയോജിപ്പിച്ച് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**2. ശുചിത്വമേഖലയിലെ പ്രവർത്തനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും:**

ഇന്ന് കേരളം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഗാർഹിക മാലിന്യങ്ങളുടെ സംസ്കരണം. ഇക്കാരണത്താൽ ശുചിത്വമേഖലയും അതിനോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും ഹരിതകേരളം പദ്ധതിയിലെ മറ്റൊരു പ്രധാനപ്പെട്ട ഇടപെടലായി സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ 2016 നവംബർ മാസം 1-ാം തീയതി വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി ബഹു:മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും പുതിയ കുടുംബങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് ഇനിയും ശുചിമുറി നിർമ്മാണം ഏറ്റെടുക്കേണ്ടി വന്നേക്കും. അതുപോലെ ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിൽ ശുചിമുറി, അങ്കണവാടിയിലെ

ശുചിമുറി, ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ എന്നിവ ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കേണ്ടി വരും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കമ്പോസ്റ്റ്, അങ്കണവാടി ശുചിമുറികൾ, ഓടകൾ, വ്യക്തിഗത ശുചിമുറി നിർമ്മാണം, സ്കൂളുകളിലെ ശുചിമുറികൾ, സോക്കേജ് പിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഓരോ ഗ്രാമപഞ്ചായത്തിന്റെയും ശുചിത്വ പദ്ധതി രൂപീകരിക്കുന്നവേളയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംയോജിപ്പിക്കുന്നതിന്റെ സാധ്യത നിശ്ചയമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

**3. ജൈവകൃഷിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും:**

അടുത്ത 5 വർഷക്കാലയളവിൽ കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി കൈവരിയ്ക്കുന്നതോടൊപ്പം ആരോഗ്യം പ്രദാനം ചെയ്യുന്ന ജൈവകൃഷി രീതികൾ അവലംബിക്കുന്നതിനും സർക്കാർ ഹരിതകേരളം പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. നിലവിൽ തരിശ്ശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ ഭൂമിനിരപ്പാക്കൽ, തട്ട്തിരിക്കൽ, ബണ്ട് നിർമ്മാണം, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, കൃഷിയിടങ്ങളിൽ കുളങ്ങൾ അല്ലെങ്കിൽ കിണറുകളുടെ നിർമ്മാണം, നടീൽ വസ്തുക്കളുടെ നഴ്സറി നിർമ്മാണം എന്നിവ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിലെ തോടുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സമഗ്ര സംയോജന പദ്ധതികൾ ജലസേചനവകുപ്പ് തയ്യാറാക്കി കളക്ടർമാർ മുഖാന്തിരം തൊഴിലുറപ്പ് പദ്ധതിയിലും ജലസേചന വകുപ്പിൽകൂടിയും ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു ജലസേചന ശൃംഖലമുഴുവനും ഈ വിശാലകാഴ്ചപ്പാടിലൂടെ നവീകരിക്കുന്നതിലൂടെ കാർഷിക ആവശ്യത്തിനുള്ള ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

കാർഷികമേഖലയിൽ സംസ്ഥാനത്ത് സാധ്യതയുള്ള മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് പഴകൃഷി (Horticulture). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുരുങ്ങിയത് 15 വർഷമെങ്കിലും നിലനിൽക്കുന്ന ഇനം മരങ്ങളാണ് പഴകൃഷിയിൽ ഉൾപ്പെടുത്തേണ്ടത്. പ്ലാവ്, മാവ്, പുളി, മാങ്കോസ്റ്റീൻ, തെങ്ങ്, കശുവണ്ടി തുടങ്ങിയവ ഇതിൽ പരിഗണിക്കാവുന്നവയാണ്. അതുപോലെ

നമ്മുടെ ഭൂപ്രദേശങ്ങൾ ഹരിതാഭമാക്കുന്നതിന് വൃക്ഷ ഇനങ്ങളായ മുള, തേക്ക്, മഹാഗണി, ആഞ്ഞിലി, വേങ്ങ തുടങ്ങിയവ നട്ട് വളർത്താവുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന മുകളിൽ സൂചിപ്പിച്ച പഴകൃഷി (Horticulture) പ്രവർത്തനങ്ങൾക്ക് നിലമൊരുക്കൽ, കുഴി കുത്തൽ, നട്ടുപിടിപ്പിക്കൽ തുടങ്ങി ര□ ് മുതൽ അഞ്ച് വർഷക്കാലത്തേക്ക് സംരക്ഷണവും പരിപാലനവും ഉൾപ്പെടുത്താവുന്നതാണ്.

**പഞ്ചായത്തുകൾ ചെയ്യേണ്ടത്**

മുകളിൽ സൂചിപ്പിച്ച ഓരോ മേഖലയിലും ആവശ്യാനുസരണം തെരഞ്ഞെടുത്ത പ്രവർത്തനങ്ങൾ ഓരോന്നിലും പരമാവധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പണം വിനിയോഗിക്കുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. ഇതുവഴി മികച്ച ആസൂത്രണത്തിലൂടെ തൊഴിലിനോടൊപ്പം സ്ഥായിയായ ആസ്തികളുടെ നിർമ്മാണവും യാഥാർത്ഥ്യമാവുകയാണ്. മുകളിൽ സൂചിപ്പിച്ച മൂന്ന് മേഖലകളിലേയും പദ്ധതികൾക്ക് ആവശ്യമായ എല്ലാ ഇടപെടലുകളും, തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ, ഒരു പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. മറ്റൊരർത്ഥത്തിൽ ഒരു പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ഇനിമേൽ ഒരു പദ്ധതി മാത്രമേ ഉണ്ടാകേണ്ടതുള്ളൂ.

പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും മതിയായ സാങ്കേതിക പിന്തുണ മറ്റ് വകുപ്പുകൾ നൽകേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പി.ഡബ്ലിയു.ഡി, ജില്ലാ ശുചിത്വ സമിതി, വനം, ജല വിഭവം എന്നീ വകുപ്പുകളുടെ സഹകരണം പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. സാങ്കേതിക സഹായത്തിനോടൊപ്പം വകുപ്പുകളുടെ വിഭവവും പഞ്ചായത്തിന്റെ വികസന പദ്ധതിയിൽ സംയോജിപ്പിക്കാവുന്നതുമാണ്.

നടപ്പു വർഷം തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരികയാണ്. ഇനി അവശേഷിക്കുന്ന കാലഘട്ടം ശാസ്ത്രീയമായി രൂപകല്പന ചെയ്തിട്ടുള്ള മഴക്കുഴികളുടെ നിർമ്മാണം, ഒരു സമഗ്ര കാഴ്ചപ്പാടിൽ (Command Area) തയ്യാറാക്കിയ ജലസേചന സൗകര്യങ്ങളുടെ പുനരുദ്ധാരണം, കുളങ്ങളുടെ നിർമ്മാണം, അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം, ശാസ്ത്രീയമായി രൂപകല്പന ചെയ്തിട്ടുള്ള

കംപോസ്റ്റുകളുടെ നിർമ്മാണം, റോഡരികിലും തരിശു ഭൂമിയിലും ഏറ്റെടുക്കാവുന്ന മരംവച്ച് പിടിപ്പിക്കൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്.

2018-19 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റിന്റെ രൂപീകരണം ഉടൻ തന്നെ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതാണ്. നീർത്തടാധിഷ്ഠിത കാഴ്ചപ്പാടിൽ ഊന്നിയുള്ള പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾക്കാണ് വരും വർഷത്തെ ലേബർ ബഡ്ജറ്റിൽ മുൻഗണന നൽകാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. അടുത്ത നാല് വർഷക്കാലത്തേയ്ക്കുള്ള പരിപ്രേക്ഷ്യ പദ്ധതി നീർത്തടാധിഷ്ഠിത സമീപനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വാർഷിക കർമ്മപദ്ധതി തയ്യാറാക്കുകയുമാണ് ചെയ്യേണ്ടത്. ഇപ്രകാരം തയ്യാറാക്കി വരുന്ന പദ്ധതിയിൽ ഹരിത കേരളം പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പദ്ധതികളും ഇടപെടലുകളും നിർബന്ധമായും 2018-19 ലെ ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പാക്കേണ്ടത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

അദ്ധ്യായം 5

## 2017-18 ലെ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം പദ്ധതിയിൽ കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ള ഭേദഗതികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണപരമായ നിർദ്ദേശങ്ങൾ നൽകുന്നത് കേന്ദ്രസർക്കാരാണ്. പദ്ധതി ആരംഭിച്ച 2006 മുതൽ 2015-16 സാമ്പത്തിക വർഷം വരെ ആയിരത്തിലധികം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് . ഇവയിൽ പലതും പരസ്പര വിരുദ്ധവും കാലികമല്ലാതായും തീർന്നിട്ടുള്ളതുമാണ്. ഇപ്രകാരം പുറത്തിറക്കിയ സർക്കുലറുകൾ ക്രോഡീകരിച്ച് ആവർത്തനമുള്ള ഭാഗങ്ങൾ ഒഴിവാക്കി 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്രസർക്കാർ ആനുവൽ മാസ്റ്റർ സർക്കുലർ പുറത്തിറക്കിയിരുന്നു. പ്രസ്തുത സർക്കുലറിന്റെ പൂർണ്ണ മലയാള തർജ്ജിമ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ 2016 ആദ്യപാദത്തിൽ പുറത്തിറക്കിയിരുന്നു.

നടപ്പ് സാമ്പത്തിക വർഷം ചില മേഖലകളിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ആനുവൽ മാസ്റ്റർ സർക്കുലർ 2017-18 കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭേദഗതിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഖണ്ഡിക | പ്രവൃത്തികളുമായി ബന്ധപ്പെട്ട് പുതിയതായി ഉൾപ്പെടുത്തിയ നിബന്ധന/ഭേദഗതി |
|---|---|---|
| 1 | 7.1.2 | സാധന ഘടകം ജില്ലാതലത്തിൽ 40%ൽ അധികരിക്കാൻ പാടുള്ളതല്ല. |
| 2 | 7.1.3a | യന്ത്രോപകരണം ഉപയോഗിക്കുന്നതിന് പ്രത്യേകം അനുമതി വാങ്ങേണ്ടതും ആയതിന്റെ രേഖ സൂക്ഷിക്കേണ്ടതുമാണ്. |
| 3 | 7.1.3C | യന്ത്രോപയോഗത്തെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ്/ എൻ.എൽ.എം. പരാതി ഉന്നയിക്കുന്നപക്ഷം കേന്ദ്രഫണ്ട് നൽകുന്നതല്ല. |
| 4 | 7.2.2.1 | നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള പദ്ധതി ആസൂത്രണവും നിർവ്വഹണവും. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതിയിൽ ഉൾപ്പെട്ട 2264 ബ്ലോക്കുകൾക്ക് 2017-18 മുതലുള്ള വർഷങ്ങളിൽ സവിശേഷ ശ്രദ്ധ നൽകേണ്ടതാണ്. |
| 5 | 7.2.2.2 | 155 തരം പ്രവൃത്തികൾ അനുവദനീയമായ പ്രവൃത്തികളായി പ്രഖ്യാപിച്ചിരിക്കുന്നു. ഇതിൽ 100 എണ്ണം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. 44 എണ്ണം |

| | | |
|---|---|---|
| | | വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടവയാണ്. |
| 6 | 7.2.2.3 | റിലീഫ് വർക്ക് മോഡിൽ നിന്നും സമഗ്രമായ പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളിലേക്ക് സമൂലമായ ഒരു മാറ്റം ആവശ്യമാണ്. |
| 7 | 7.2.2.4 | പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളുടെ ആസൂത്രണത്തിനും മേൽനോട്ടത്തിനുമായി നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ, ഐ.എസ്.ആർ.ഒ എന്നിവയുടെ സാങ്കേതിക സഹായം തേടേണ്ടതാണ്. |
| 8 | 7.2.2.5 | ഭൂഗർഭ ജലവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ കൈവശം ഉള്ള വിവരങ്ങൾ ഉപയോഗിക്കുകയും അവരിൽനിന്നും സാങ്കേതിക സഹായം തേടുകയും ചെയ്യേണ്ടതാണ്. |
| 9 | 7.2.2.6 | ഐ.ഡബ്ല്യു.എം.പി. പദ്ധതി ഇലക്കലാത്ത ഇടങ്ങളിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻ കീഴിൽ സ്വതന്ത്രമായി നീർത്തട പരിപാലന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ |
| 10 | 7.2.2.7 | മെറ്റീരിയൽ കേന്ദ്രീകൃത പ്രവൃത്തികൾ കഴിവതും ഐ.ഡബ്ല്യു.എം.പി.യിലും തൊഴിൽ കേന്ദ്രീകൃത പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലും ഏറ്റെടുക്കന്നുണ്ട് എന്നും ഇരട്ടിപ്പ് ഉണ്ടാകുന്നില്ലായെന്നും രണ്ട് പദ്ധതികളുടെയും പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. |
| 11 | 7.2.2.8 | ഡി.പി.ആർ. പര്യാപ്തമല്ലാത്തപക്ഷം ഇ-ഡി.പി.ആർ ഉപയോഗിക്കേണ്ടതാണ്. |
| 12 | 7.2.2.9 | 2017-18 സാമ്പത്തിക വർഷം മുതൽ തയ്യാറാക്കുന്ന എല്ലാ ഐ.ഡബ്ല്യു.എം.പി. ഡി.പി.ആർ.കളിലും പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ചെയ്യേണ്ടതാണ്. മെച്ചപ്പെട്ട ഡി.പി.ആർ ഉണ്ടാക്കുവാനായി സി.എസ്.ആർ മുഖേനയുള്ള സാങ്കേതിക സഹായം പ്രോത്സാഹിപ്പിക്കേണ്ടതാണ്. |
| 13 | 7.2.2.10 | ജലസേചന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള പൊതു നിബന്ധനകൾ |
| 14 | 7.2.2.11 | കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പൊതു നിബന്ധനകൾ |
| 15 | 7.2.3.1 | ഫാം പോണ്ടുകളുടെ നിർമ്മാണത്തിനും മണ്ണിര/NADEP കമ്പോസ്റ്റിംഗിനും പ്രധാന പരിഗണന നൽകണം. സ്വകാര്യ ഭൂമിയിലുള്ള കുളങ്ങളുടെ പുനരുദ്ധാരണം/നവീകരണം |

| | | |
|---|---|---|
| | | അനുവദനീയമായ പ്രവൃത്തി അല്ലാത്തതിനാൽ ഏറ്റെടുക്കാൻ പാടില്ല. മിഷൻ അന്ത്യോദയ പദ്ധതിയിൽ ഉൾപ്പെടുന്ന വില്ലേജുകളിൽ, എസ്.ബി.എം.(ജി) പദ്ധതി പ്രകാരം ധനസഹായം ലഭിക്കാത്ത വീടുകൾക്ക് മാത്രമേ ഐ.എച്ച്.എച്ച്.എൽ നിർമ്മിച്ച് കൊടുക്കാൻ പാടുള്ളൂ. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ പി.എം.എ.വൈ.(ജി) ഗുണഭോക്താക്കൾക്ക് മാത്രമേ കക്കൂസ് നിർമ്മിച്ചു കൊടുക്കാൻ പാടുള്ളൂ. ഉപയോഗശൂന്യമായി കിടക്കുന്ന കക്കൂസുകൾ നന്നാക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ പാടുള്ളതല്ല. |
| 16 | 7.2.3.6.3 | വനം വകുപ്പിന്റെ പങ്ക് - വനവത്കരണ പ്രവൃത്തികൾക്കായുള്ള പദ്ധതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംസ്ഥാന വനംവകുപ്പും കൂടിയാലോചിച്ച് തയ്യാറാക്കേണ്ടതാണ്. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക പരിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കഴിവതും വനവത്കരണ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി വനംവകുപ്പിനെ നിയോഗിക്കേണ്ടതാണ്. |
| 17 | 7.2.3.6.4 | വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നത് ഹോർട്ടികൾച്ചർ വകുപ്പ്/വനം വകുപ്പ്/ഐ.സി.എ.ആർ/ഐ.സി.എഫ്.ആർ.ഇ/കാർഷിക സർവ്വകലാശാലകൾ/കെ.വി.കെ എന്നിവയിൽ നിന്നുള്ള വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന വൃക്ഷ ഇനങ്ങൾ വച്ച് പിടിപ്പിക്കലും പരിപാലനവും സംബന്ധിച്ചുള്ള സാങ്കേതിക മാനദണ്ഡങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ പരിഗണിക്കേണ്ടതാണ്. |
| 18 | 7.2.3.6.5 | ചെലവ് കണക്കാക്കൽ - മരം വച്ചുപിടിപ്പിക്കൽ പ്രവൃത്തികൾക്ക് ആവശ്യമായിട്ടുള്ള ആകെ ചെലവ് കണക്കാക്കുന്നത് അവദഗ്ദ്ധ കൂലി, സാധന ഘടകം, 3-5 വർഷത്തേക്കുള്ള പരിപാലന ചെലവ് എന്നിവകൂടി ഉൾപ്പെടുത്തി ആയിരിക്കണം. ഇവ എല്ലാം ഒറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കണം. സംയുക്ത പദ്ധതികളാണെങ്കിൽ തൊഴിലുറപ്പ് പദ്ധതിയുടെയും ഇതര പദ്ധതികളുടെയും ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ വെവ്വേറെ കാണിച്ചിരിക്കണം. |
| 18 | 7.2.3.6.6 | മരം വച്ച് പിടിപ്പിക്കുന്നതിന് മുമ്പ് ഭൂവുടമയുടെ/ബന്ധപ്പെട്ട വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം. |
| 19 | 7.2.3.6.9 | സ്വയംസഹായ സംഘങ്ങൾ/വ്യക്തികൾ എന്നിവർക്ക് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നേഴ്സറികൾ ആരംഭിക്കാവുന്നതാണ്. അവർക്ക് വൈദഗ്ദ്ധ്യ പോഷണത്തിനായി കൃത്യമായ പരിശീലനം നൽകിയിരിക്കണം. |

| | | |
|---|---|---|
| 20 | 7.2.3.6.10 | ബ്ലോക്ക് പ്ലാന്റേഷനുകളുടെ സംരക്ഷണത്തിനായി ഡിച്ച് കം ബണ്ട് ഉൾപ്പെടെയുള്ള ജൈവവേലി തെരഞ്ഞെടുക്കേണ്ടതാണ്. ഓരോ വൃക്ഷത്തിനും ആവശ്യമുള്ളപക്ഷം മുള പോലുള്ള ജൈവ വസ്തുക്കൾ ഉപയോഗിച്ച് Tree guard നിർമ്മിക്കേണ്ടതാണ്. Fire Line നിർമ്മാണം തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തിയല്ല. |
| 21 | 7.2.3.6.13 | പി.എം.ജി.എസ്.വൈ റോഡുകളുടെ ഓരത്ത് മരംവച്ച് പിടിപ്പിക്കൽ സംബന്ധിച്ച പൊതു നിബന്ധനകൾ. |
| 22 | 7.2.3.6.14 | പി.എം.ജി.എസ്.വൈ പദ്ധതിയുടെ എം.ഐ.എസും (OMMAS Software) തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസും തമ്മിൽ മരംവച്ച് പിടിപ്പിക്കൽ പ്രവൃത്തികളുടെ മാപ്പിംഗിന്റെ ആവശ്യത്തിലേക്കായി സംയോജിപ്പിച്ചിട്ടുണ്ട്. (റിപ്പോർട്ട് 6.25 of NREGA Soft). ഇത് പി.എം.ജി.എസ്.വൈ റോഡുകളുടെ ഓരത്ത് മരംവച്ച് പിടിപ്പിക്കൽ പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം എന്നീ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. |
| 23 | 7.2.3.6.14a | ഗ്രാമപ്രദേശങ്ങളിലെ സർക്കാർ ഉടമസ്ഥതയിലുള്ള സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ. |
| 24 | 7.2.3.6.14a | പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ട് വരാത്ത ഗ്രാമീണ റോഡുകളുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ |
| 25 | 7.2.3.6.14a | റോഡ് നിർമ്മാണ പ്രവൃത്തി നടന്നിട്ടുള്ള അതേ സ്ട്രെച്ചിൽ തന്നെ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ റോഡ് നിർമ്മാണ പ്രവൃത്തി, സിമന്റ് കോൺക്രീറ്റ് റോഡുകളുടെ കാര്യത്തിൽ 10 വർഷത്തേക്കും, ഗ്രാവൽ/WBM (Water Bound Macadam) റോഡുകളുടെ കാര്യത്തിൽ അഞ്ച് വർഷത്തേക്കും ഏറ്റെടുക്കാൻ പാടുള്ളതല്ല. ഇത് സാങ്കേതിക അനുമതി കൊടുക്കൽ സമിതി പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതാണ്. |